അപരാഹ്ന സമ്മേളനം

(സഭ വൈകുന്നേരം 4 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു.)

നിയമനിർമ്മാണകാര്യം—(തുടർച്ച)

3. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

VI (a) ക്രമപ്രശ്നം

ശ്രീ. എ. കെ. ബാലൻ: സർ, ഇന്ന് രാവിലെ അവതരിപ്പിച്ച കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിലെ വാർഡുകളുടെ എണ്ണം കൂടുകയാണ്. പഞ്ചായത്തിന്റേത് വർദ്ധിച്ചപ്പോൾ മുനിസിപ്പാലിറ്റിയുടേതുമുണ്ട്. അതിലും സാമ്പത്തിക ബാധ്യതയുണ്ടാവുകയില്ലെന്ന് പറയുന്നതിൽ അർത്ഥമില്ല. ധനകാര്യ മെമ്മോറാണ്ടത്തിൽ സാമ്പത്തിക ബാധ്യതയെ സംബന്ധിച്ച് പറയുന്നില്ല. അതുകൊണ്ട് ഈ ബിൽ മാറ്റിവയ്ക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

(b) റൂളിംഗ്

മി. സ്പീക്കർ: ബില്ലിന്റെ അവതരണ ഘട്ടത്തിലാണ് ഇങ്ങനെയൊരു point of order വരേണ്ടത്. ഇപ്പോൾ ആ സ്റ്റേജെല്ലാം കഴിഞ്ഞ് ബിൽ പാസ്സാക്കാനുള്ള നടപടിക്രമത്തിലാണ്. അതുകൊണ്ട് ഈ സമയത്ത് അത്തരമൊരു ക്രമപ്രശ്നം ഉന്നയിക്കാൻ പറ്റില്ല. ഇത് അനുവദനീയമല്ല.

ശ്രീ. എ. കെ. ബാലൻ: ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ച് അത് സബ്ജക്ട് കമ്മിറ്റിയിൽ നിന്ന് തിരികെ വരുമ്പോഴാണ് ഇതു പറയേണ്ടതെന്ന് രാവിലെ പറഞ്ഞതാണ്. Introduction stage-ലും consideration stage-ലും point of order കൊണ്ടുവരാം. ഇന്ന സ്റ്റേജിൽ മാത്രമേ കൊണ്ടുവരാൻ പാടുള്ളുവെന്നുള്ളത് ഒരിടത്തും പറഞ്ഞിട്ടില്ല. ഇതിൽ ധനകാര്യ മെമ്മോറാണ്ടം ഇല്ല. ഒരു ബില്ലിനെ സംബന്ധിച്ചിടത്തോളം സാമ്പത്തിക liability ഉണ്ടെങ്കിൽ അത് സൂചിപ്പിക്കണമെന്നുള്ളതാണ്. പഞ്ചായത്ത് രാജ് ബില്ലിൽ അത് സൂചിപ്പിച്ചിട്ടുണ്ട്. അതുപോലെ ഇതിലില്ല. അതുകൊണ്ടാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly